# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1289

30/9/2011-ൽ മറുപടിയ്ക്ക്

**തൊഴിലുറപ്പുപദ്ധതിയിൽ നടന്ന ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ശ്രേയാംസ്കുമാർ | | ശ്രീ. കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) | |
| (എ) | വയനാട് ജില്ലയിലെ കോട്ടത്തറ ഗ്രാമ പഞ്ചായത്തിലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി നടത്തിപ്പിലുണ്ടായ ക്രമക്കേടുകളെക്കുറിച്ച് പദ്ധതിയുടെ പ്രോഗ്രാം ഓഫീസർ അന്വേഷിച്ച് സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമായിരുന്നു വെന്ന് വ്യക്തമാക്കുമോ ; | (എ) | ശുപാർശകൾ അനുബന്ധമായി വച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ശുപാർശകൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ല എങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) & (സി) | പ്രസത്ുത ശുപാർശകൾ പ്രകാരം ക്രമക്കേടു കൾക്ക് ഉത്തരവാദികളായ ജനപ്രതിനിധികൾ ,ഉദ്യോഗസ്ഥർ എന്നിവർക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു, കോട്ടാത്തറ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ.പി.ഇബ്രാഹിമിനെ, 26/02/2011- ലെ സ.ഉ.(സാധാ) നം.625/2011/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം, ആനേരി കരുംകുറ്റി റോഡിന്റെ നിർമ്മാണ പ്രവർത്തനത്തിലെ |
| (സി) | ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ; | | |

| | | | |
|---|---|---|---|
| | | | ക്രമക്കേടുമായി ബന്ധപ്പെട്ട് അച്ചടക്ക നടപടിക്ക് വിധേയമായി സസ്പെൻഡ് ചെയ്യുകയും, ടിയാനെതിരെ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറോടും ആവശ്യപ്പെടുകയുണ്ടായി. എന്നാൽ സർക്കാർ പ്രസ്തുത റോഡു നിർമ്മാണം സംബന്ധിച്ച ക്രമക്കേടുകൾ മാത്രം വീണ്ടും പരിശോധിക്കുകയും ടിയാന്റെ സസ്പെൻഷൻ റദ്ദാക്കി സർവ്വീസിൽ പുന:പ്രവേശിപ്പിക്കുന്നതിനും ടിയാന് താക്കീത്നൽകി ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട അച്ചടക്ക നടപടി അവസാനിപ്പിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട് ശ്രീ. ഇബ്രാഹിമിനെതിരെ ഉയർന്നിട്ടുള്ള ആരോപണങ്ങളിൽ MGNREGS മായി ബന്ധപ്പെട്ട ADC റാങ്കിൽ കുറയാത്ത ഒരു ഉന്നത ഉദ്യോഗസ്ഥൻ മുഖേന വീണ്ടും ഒരു അന്വേഷണം നടത്തി 15 ദിവസത്തിനുള്ളിൽ ഒരു റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുവാൻ ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകുന്നതിനും ഇപ്പോൾ തീരുമാനമെടുത്തിട്ടുണ്ട്. അതുവരെ ടിയാന് എതിരെയുള്ള പ്രോസിക്യൂഷൻ നടപടി നിർത്തിവയ്ക്കുന്നതിനും പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്.<br>കോട്ടത്തറ ഗ്രാമപഞ്ചായത്തിൽ 2008-09, 2009-10 വർഷങ്ങളിൽ നടന്ന എല്ലാ മരാമത്ത് പ്രവൃത്തികളും അന്വേഷിച്ച് കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിന് 12/08/2011-ലെ സ.ഉ. (സാധാ) നം.1924/2011/തസ്വഭവ പ്രകാരം വയനാട് ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ചെയർമാനായും സാങ്കേതിക വിദഗ്ദ്ധരുൾപ്പെടെയുള്ളവർ അംഗങ്ങളായും ഒരു ടീം രൂപീകരിച്ച് ഉത്തരവാകുകയും ഉത്തരവ് തീയതി മുതൽ രണ്ട് മാസത്തിനുള്ളിൽ അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മിഷൻ ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ വ്യാജ എസ്റ്റിമേറ്റുകൾ തയ്യാറാക്കുക, |

| | | | |
|---|---|---|---|
| | | | അളവെടുക്കാതെ സാധനങ്ങളുടെ വില നൽകുന്നതിന് ഒത്താശ ചെയ്യുകയും പ്ലാൻ ഫണ്ടിലെ പണികൾ എൻ.ആർ.ഇ.ജി.എസ്. പണിയായി ചിത്രീകരിച്ച് എം.ബുക്കിൽ വ്യാജ അളവുകൾ രേഖപ്പെടുത്തുകയും ചെയ്ത അക്രഡിറ്റഡ് ഓവർസിയർമാരെ നോട്ടീസ് നൽകി സേവനം അവസാനിപ്പിക്കുന്നതിനും അവർക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിനും, വ്യാജ മസ്റ്റർ റോൾ തയ്യാറാക്കുന്നതിന് സഹായിക്കുകയും മസ്റ്റർ റോളിൽ ഒപ്പിടാത്ത ആളുടെ പേരിൽ ഡേറ്റാ എൻട്രി നടത്തി വേതനം നൽകി പണാപഹരണത്തിന് കൂട്ടു നിന്ന എൻ.ആർ.ഇ.ജി.എസ്. അക്കൌണ്ടന്റ് കം ഡേറ്റാ എൻട്രി ഓപ്പറേറ്റർക്ക് നോട്ടീസ് നൽകി കരാർ അവസാനിപ്പിക്കുന്ന തിനും എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യാജ മസ്റ്റർ റോളുകൾ വ്യാപകമായി തയ്യാറാക്കിയതായി അന്വേഷണത്തിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ വ്യാജ മസ്റ്റർ റോളുകൾ ഉണ്ടാക്കുന്നതിന് കൂട്ടു നിന്ന കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ മുഴുവൻ മേറ്റുമാരെയും |

| | | | |
|---|---|---|---|
| | | | അയോഗ്യരാക്കി പുതിയ ആൾക്കാരെ കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ